# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 520

## 29.11.2018 - ലെ മറുപടിയ്ക്ക്

## ട്രഷറി സേവിംഗ്സ് അക്കൗണ്ട് ഫോൺ നമ്പരുമായി ബന്ധിപ്പിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ.എൻ.എ. ഖാദർ** | **ധനകാര്യവും കയറും വകുപ്പ് മന്ത്രി<br>ഡോ. റ്റി.എം. തോമസ് ഐസക്** |
| (എ) ട്രഷറി സേവിംഗ്സ് അക്കൗണ്ടിൽ ഇടപാട് നടത്തുമ്പോൾ ഉപഭോക്താവിന്റെ മൊബൈൽ ഫോണിൽ തത്സമയം വിവരങ്ങൾ എസ്.എം.എസ് മുഖേന നൽകാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; എല്ലാ ധനകാര്യ സ്ഥാപനങ്ങളിലും ലഭ്യമായ ഈ സൗകര്യം ട്രഷറികളിൽ നടപ്പിലാക്കാൻ നടപടി സ്വീകരിയ്ക്കുമോ; ഇതിനായി എന്തെങ്കിലും അധിക ചെലവ് വഹിക്കേണ്ടതുണ്ടോ; വിശദമാക്കുമോ; | ട്രഷറി സേവിംഗ്സ് അക്കൗണ്ടുകൾക്ക് എസ്.എം.എസ് സൗകര്യം നിലവിൽ ലഭ്യമല്ല. എസ്.എം.എസ് സൗകര്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കാനായി മൊബൈൽ സേവനദാതാക്കളുമായി ട്രഷറി വകുപ്പ് ആശയവിനിമയം നടത്തി വരികയാണ്. എസ്.എം.എസ് സൗകര്യം ഏർപ്പെടുത്തുമ്പോൾ ഉണ്ടാകുന്ന അധികചെലവ് ഉപഭോക്താക്കളിൽ നിന്നും ഈടാക്കാത്തവിധത്തിലാണ് ഈ സംവിധാനം ആസൂത്രണം ചെയ്യുന്നത്. |
| (ബി) ട്രഷറി അക്കൗണ്ടുകളിൽ ഉപഭോക്താക്കളുടെ മൊബൈൽ നമ്പരുകൾ ബന്ധിപ്പിക്കാത്തതു കാരണം പുതുതായി രൂപകൽപന ചെയ്ത ആൻഡ്രോയിഡ് ആപ്ളിക്കേഷനുകൾ മൊബൈലിൽ ഉപയോഗിക്കാൻ കഴിയാത്ത സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ? | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. രജിസ്റ്റർ ചെയ്യപ്പെട്ട മൊബൈൽ ഫോൺ ഉള്ളവർക്ക് മാത്രമേ ഈ സൗകര്യങ്ങൾ ലഭിക്കുകയുള്ളൂ. ട്രഷറി അക്കൗണ്ടുകളുമായി ഉപഭോക്താക്കളുടെ മൊബൈൽ നമ്പറുകൾ ബന്ധിപ്പിക്കാനുള്ള സൗകര്യം നിലവിലുണ്ട്. ഈ സൗകര്യം ഉപയോഗപ്പെടുത്തുന്നതിനുള്ള ബോധവൽക്കരണം ട്രഷറി തലത്തിൽ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ